(6) ശ്രീകൃഷ്ണപുരം നിയോജകമണ്ഡലത്തിലെ കോട്ടപ്പുറം പ്രദേശത്ത് കാർഷികവിള നശിപ്പിച്ചത് സംബന്ധിച്ച്

ശ്രീമതി ഗിരിജാ സുരേന്ദ്രൻ: സർ, കരിമ്പുഴ ഗ്രാമപഞ്ചായത്തിലെ കോട്ടപ്പുറം പ്രദേശത്ത് കാർഷിക വിളകൾ നശിപ്പിക്കപ്പെട്ട പ്രശ്നം ഈ സബ്മിഷനിലൂടെ ഉന്നയിക്കുകയാണ്. മലപ്പുറം ജില്ലയിൽ നിന്നുവന്ന് പാലക്കാട് ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നെൽപ്പാടങ്ങൾ വാങ്ങി മറ്റ് കൃഷികൾ ചെയ്തുവരുന്ന പുത്തൂർ മുഹമ്മദ് കോട്ടപ്പുറത്തും നെൽപ്പാടം വാങ്ങി നികത്തി ആദ്യം ഒരു പ്ലാറ്റ് വച്ചു. അവിടെയുള്ള കൃഷിക്കാർ അതിൽ പ്രതിഷേധിച്ചപ്പോൾ അത് കപ്പത്തെ നടുന്നതിനു വേണ്ടിയാണെന്നാണ് പറഞ്ഞത്. പിന്നീട് കവുങ്ങ് കൃഷി ചെയ്തതിൽ ഈ പ്രദേശത്തെ കൃഷിക്കാർക്ക് ശക്തമായ പ്രതിഷേധമുണ്ടായിരുന്നു. ആ പ്രദേശത്തെ തന്നെ നെന്മാറവണ്ട, കുന്നത്തുപാടം, ഷാരത്തുപാടം എന്നീ പാടശേഖര സമിതിയിൽപ്പെട്ടവർ പുത്തൂർ മുഹമ്മദിന്റെ നെൽപ്പാടം നികത്തലിനെതിരെ പ്രതിഷേധിച്ചു. എല്ലാ പാർട്ടിയിലുംപെട്ട കൃഷിക്കാർ യോജിച്ച് എതിർപ്പ് പ്രകടിപ്പിക്കുകയും ചെയ്തു. അവിടത്തെ പ്രാദേശിക കൃഷിക്കാരെ പരിഹസിച്ച് തള്ളിയതിലുള്ള കൃഷിക്കാരുടെ എതിർപ്പും പ്രതിഷേധവുമാണ് അവിടെ നടന്നത്. അനുമതി ഇല്ലാതെ നെൽപ്പാടം നികത്തിയതിന് എതിരായി എല്ലാ രാഷ്ട്രീയ പാർട്ടിയിലും വിശ്വസിക്കുന്ന ഒരു കൂട്ടം പ്രാദേശിക കൃഷിക്കാരുടെ വികാര പ്രകടനം ആയിരുന്നു അത്. ആദ്യ ദിവസങ്ങളിൽ പത്രങ്ങളെല്ലാം അത് പ്രാദേശിക കൃഷിക്കാരുടെ പ്രതിഷേധമായിത്തന്നെ റിപ്പോർട്ട് ചെയ്തിരുന്നെങ്കിലും പിന്നീട് അത് രാഷ്ട്രീയ പ്രേരിതമായി സി.പി.ഐ.(എം)-നും കെ.എസ്.കെ.ടി.യു.-നും എതിരായി ചിത്രീകരിക്കപ്പെട്ടു. സി.പി.ഐ.(എം)-ഉം കെ.എസ്.കെ.ടി.യു.-ഉം ഇതിനെ ശക്തമായി നിഷേധിക്കുകയും ഈ സംഭവത്തെ അപലപിക്കുകയും ചെയ്തിട്ടുണ്ട്. കാർഷിക വിളകൾ നശിപ്പിച്ച സംഭവത്തെ അപലപിക്കപ്പെടേണ്ടതാണ്. എന്നാൽ ഇതിന് നേതൃത്വം കൊടുത്ത മുഴുവൻ ആളുകളുടെ പേരിലും കേസ് എടുത്തിട്ടില്ല. അതിന് പോലീസ് തയ്യാറായിട്ടില്ല. സി.പി.ഐ. (എം)-മായി ബന്ധപ്പെട്ടവരെ മാത്രമാണ് കേസിൽ പെടുത്തിയിരിക്കുന്നത്. പോലീസ് ലിസ്റ്റിൽ ഉൾപ്പെട്ട മുഴുവൻ പേരുടെ പേരിലും കേസ് എടുക്കണം. അതോടൊപ്പംതന്നെ നെൽപ്പാടങ്ങൾ സംരക്ഷിക്കാൻ സർക്കാർ ശക്തമായ നടപടി സ്വീകരിക്കണം. നെൽവയലുകളുടെ വിസ്തൃതി ദിനംപ്രതി കുറഞ്ഞുവരികയാണ്. ഭക്ഷ്യസുരക്ഷയ്ക്കും പരിസ്ഥിതി സംരക്ഷണത്തിനും കർഷകത്തൊഴിലാളികളുടെ തൊഴിൽ സംരക്ഷിക്കുന്നതിനും നെൽപ്പാടങ്ങൾ സംരക്ഷിക്കേണ്ടത് അനിവാര്യമാണ്. കെ.എൽ.യു. ആക്ട് നിലവിലുണ്ട്. നെൽപ്പാടങ്ങൾ നികത്തരുതെന്നുള്ള നിയമം ലംഘിച്ചുകൊണ്ടാണ് നികത്തൽ തുടരുന്നത്. ഞാൻ അവിടെ സന്ദർശിച്ചപ്പോൾ കവുങ്ങ് ചെറുതായി നട്ടിരിക്കുകയാണ്. അതിനെതിരായി ഈ കൃഷിക്കാർ ആർ.ഡി.ഒ.-യ്ക്ക് പരാതി കൊടുത്തെങ്കിൽപ്പോലും അതിൽ നിയമം ലംഘിക്കുന്നവർക്ക് പോലീസ് പ്രൊട്ടക്ഷൻ കൊടുക്കുന്നതുകൊണ്ട് കവുങ്ങിൻ തൈ വയ്ക്കുന്നതിനാണ് അനുമതി

LIBRARY ARCHIVES Kerala Legislative Assembly

കൊടുത്തത്. കവുങ്ങിൻ തൈ വച്ചിരിക്കുന്നത് ഞാൻ നേരിൽ കണ്ടതുമാണ്. ഈ സാഹചര്യത്തിലാണ് ഈ പ്രശ്നം പരിഹരിക്കേണ്ടത്. അതുകൊണ്ടു തന്നെ കാർഷിക വിളകൾ നശിപ്പിക്കുന്നതിന് നേതൃത്വം കൊടുത്ത മുഴുവൻ പേരുടേയും പേരിൽ നടപടി വേണം. അതോടൊപ്പംതന്നെ കാർഷികവിള നശിപ്പിക്കപ്പെട്ട കൃഷിക്കാർക്ക് സർക്കാർ ധനസഹായം നൽകി സഹായിക്കണമെന്നും അഭ്യർത്ഥിക്കുകയാണ്.

മി.സ്പീക്കർ: ഇതു സംബന്ധിച്ച് ശ്രീ. കളത്തിൽ അബ്ദുള്ളയും ശ്രീ. കെ. എ. ചന്ദ്രനും നോട്ടീസ് നൽകിയിരുന്നു. ശ്രീ. കളത്തിൽ അബ്ദുള്ളയാണ് വാസ്തവത്തിൽ നേരത്തേ നോട്ടീസ് തന്നത്. അദ്ദേഹത്തിന്റെ സബ്മിഷൻ ഇന്ന് വച്ചിരുന്നതാണ്. പക്ഷേ നിയോജകമണ്ഡലം ശ്രീമതി ഗിരിജാ സുരേന്ദ്രന്റേത് ആയതുകൊണ്ട് അവർ സംസാരിച്ചു. ഒരു മിനിട്ട് ശ്രീ. കളത്തിൽ അബ്ദുള്ളയ്ക്ക് കൊടുക്കുകയാണ്.

ശ്രീ. കളത്തിൽ അബ്ദുള്ള: സർ, പുത്തൂർ മുഹറമ്പ് എന്ന ആളും ആറോളം കൃഷിക്കാരും 25 ഏക്കറോളം വരുന്ന ഭൂമിയിൽ വച്ച കവുങ്ങ് ഒരു സംഘം ആളുകൾ പ്രാദേശിക ചാനലുകളെ ദൃശ്യമാക്കിക്കൊണ്ട് വളരെ ക്രൂരമായി, വളരെ കാടത്തമായി, വളരെ നികൃഷ്ടമായി വെട്ടി നശിപ്പിച്ചിരിക്കുകയാണ്. സത്യത്തിൽ നിയമാനുസൃതമായ മാർഗ്ഗങ്ങളിലൂടെ കെ.എൽ.യു. ആക്ട് നടപ്പാക്കാൻ ബാദ്ധ്യസ്ഥരായവർ അത് ചെയ്യാതെ നിയമം കൈയിൽ എടുക്കുകയും കവുങ്ങ് മുഴുവൻ വെട്ടി നശിപ്പിക്കുകയും ചെയ്ത സ്ഥിതിക്ക് ഇത്തരം കുറ്റവാളികളായ ആളുകളുടെ പേരിൽ കേവലം താത്ക്കാലികമായ വകുപ്പുകളെടുത്ത് മാതൃകാപരമായി അവരെ ശിക്ഷിച്ച് ഈ കൃഷിക്കാർക്ക് ആവശ്യമായ നഷ്ടപരിഹാരം കൊടുക്കാൻ കൃഷി വകുപ്പിനോട് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുകയാണ്. ഈ രാഷ്ട്രീയ പൈശാചികതയെ ഈ സഭ അപലപിക്കണം. കേരളത്തിൽ ഒരു കൃഷിക്കാരന്റേയും വിളകൾ വെട്ടി നശിപ്പിക്കുന്ന പ്രവണത ഏത് ഭാഗത്തു നിന്നുണ്ടായാലും അത് വളർത്താൻ പാടില്ല.

കൃഷിയും കയറും വകുപ്പുമന്ത്രി *(ശ്രീമതി കെ. ആർ. ഗൗരിയമ്മ):* സർ, ശ്രീകൃഷ്ണപുരം നിയോജകമണ്ഡലത്തിൽപ്പെട്ട കരിമ്പുഴ ഗ്രാമപഞ്ചായത്തിലെ കോട്ടപ്പുറം എന്ന പ്രദേശത്ത് വയൽ നികത്തി കൃഷി ചെയ്തിരുന്ന ഒരു വർഷം മുതൽ അഞ്ച് വർഷം വരെ പ്രായമുള്ള 2882 കവുങ്ങും രണ്ടു വർഷം വരെ പ്രായം വരുന്ന മൂന്ന് തെങ്ങുകളും 17-6-2005-ൽ വെട്ടി നശിപ്പിച്ചിട്ടുണ്ട്. വയൽ നികത്തിയതിന് റവന്യൂ അധികാരികളുടെ അനുമതി വാങ്ങിയിട്ടുമില്ല. പതിമൂന്ന് കൃഷിക്കാരുടെ വിളകളാണ് ഇപ്രകാരം നശിപ്പിക്കപ്പെട്ടത്. കുന്നത്തുപാടം, ഷാരത്തുപാടം എന്നീ പാടശേഖരങ്ങളിൽപ്പെട്ട 2.56 ഹെക്ടർ പ്രദേശത്തെ കൃഷി നശിപ്പിക്കപ്പെട്ടിട്ടുണ്ട്. ഇതിന് ഉദ്ദേശം 3,31,621 രൂപയുടെ നഷ്ടം കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇതിന് നഷ്ടപരിഹാരം നൽകുന്നതിന് ഗവൺമെന്റിന് യാതൊരു നടപടി ക്രമങ്ങളുമില്ല. ഗവൺമെന്റ് നാച്വറൽ കലാമിറ്റിക്ക് മാത്രമേ നഷ്ടപരിഹാരം നൽകാറുള്ളൂ. വെട്ടി നശിപ്പിക്കുന്നതുമൂലം നഷ്ടം ഉണ്ടായാൽ അത് ക്രിമിനൽ

LIBRARY ARCHIVES Kerala Legislative Assembly

കേസോ സിവിൽ കേസോ കൊടുത്ത് ഈടാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് കേര കർഷകർ ശ്രീകൃഷ്ണപുരം പോലീസ് സ്റ്റേഷനിൽ പരാതി നൽകിയത് അനുസരിച്ച് കേസ് നമ്പർ 101,102,103,104,105,106 പ്രകാരം 18-6-2005-ൽ ആറ് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതനുസരിച്ച് ഇതുവരെ 22 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. കോടതിയുടെ നിർദ്ദേശപ്രകാരം കമ്മീഷൻ സ്ഥലം പരിശോധിച്ചിട്ടുണ്ട്.

(7) കശുവണ്ടി മേഖലയിലെ പ്രശ്നങ്ങൾ

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ബഹുമാനപ്പെട്ട അടൂർ പാർലമെന്റ് മെമ്പർ ശ്രീ. ചെങ്ങറ സുരേന്ദ്രൻ ഇന്നലെ രാവിലെ മുതൽ കൊല്ലം ചിന്നക്കട പൊതുമൈതാനത്ത് അനിശ്ചിതകാല നിരാഹാര സത്യാഗ്രഹം ആരംഭിച്ചിരിക്കുകയാണ്. കശുവണ്ടി ഫാക്ടറികൾ മുഴുവൻ തുറന്ന് പ്രവർത്തിപ്പിക്കണം, തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിക്കണം, വ്യവസായത്തിന്റെ സംരക്ഷണം എന്നീ വിഷയങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ടാണ് അനിശ്ചിതകാല നിരാഹാര സത്യാഗ്രഹം അദ്ദേഹം ആരംഭിച്ചിരിക്കുന്നത്. ആ വിഷയങ്ങൾ നേരത്തെ ഇവിടെ ഉന്നയിച്ചിട്ടുള്ളതാണ്. ഇന്നലെ ബഹുമാനപ്പെട്ട മന്ത്രി ഗവൺമെന്റ് തലത്തിൽ നടത്തിയ ചർച്ചകളെല്ലാം ഉദ്ദേശിച്ചപോലെ വിജയിച്ചില്ല. ഈ സാഹചര്യത്തിൽ കൂടുതൽ ശക്തമായ സമരം കശുവണ്ടി മേഖലയിൽ ഉണ്ടാവുകയാണ്. തൊഴിൽ നിഷേധത്തിനും നിയമങ്ങൾ ലംഘിക്കുന്നതിനും ഉള്ള വളരെ വിപുലമായ സമരമാണ് ഈ മേഖലയിൽ ശക്തിപ്പെട്ടു വരുന്നത്. ആ സമരത്തിന് ബഹുമാനപ്പെട്ട എം.പി. യുടെ അനിശ്ചിതകാല സത്യാഗ്രഹം കൂടുതൽ ശക്തി പകർന്നിരിക്കുകയാണ്. ഈ സാഹചര്യത്തിൽ പ്രശ്നങ്ങൾ പരിഹരിക്കാനും കശുവണ്ടി മേഖലയിൽ തൊഴിലും വ്യവസായവുമൊക്കെ പുനഃസ്ഥാപിക്കുന്ന വിധത്തിൽ അതിനുള്ള ഒരു അന്തരീക്ഷം സൃഷ്ടിക്കാനും കഴിയുന്ന വിധത്തിൽ ഗവൺമെന്റ് ഉന്നതതല ചർച്ച വിളിച്ചുകൂട്ടണം. ബഹുമാനപ്പെട്ട എം.പി. യുടെ നിരാഹാര സമരം അവസാനിപ്പിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കാൻ ഗവൺമെന്റ് മുൻകൈയെടുക്കണം എന്നുകൂടി അഭ്യർത്ഥിക്കുകയാണ്. നമ്മുടെ ഒരു ബഹുമാനപ്പെട്ട പാർലമെന്റ് മെമ്പർ അനിശ്ചിതകാല നിരാഹാര സമരം ആരംഭിച്ചിരിക്കുന്ന സാഹചര്യത്തിൽ ബഹുമാനപ്പെട്ട സ്പീക്കറും ഈ വിഷയത്തിൽ ഇടപെടണമെന്ന് അഭ്യർത്ഥിക്കുന്നു.

മി.സ്പീക്കർ: പെട്ടെന്ന് തീർക്കാൻ നോക്കണം.

തൊഴിൽ വകുപ്പുമന്ത്രി *(ശ്രീ. ബാബു ദിവാകരൻ):* സർ, ഇന്നലെ ബഹുമാനപ്പെട്ട എം.പി. നിരാഹാര സത്യാഗ്രഹം ആരംഭിച്ചതിനുശേഷം മൂന്നു മണിക്കൂർ സർക്കാർ ഈ പ്രശ്നം സംബന്ധിച്ച് ചർച്ച ചെയ്തു. കാഷ്യൂവിനെ സംബന്ധിച്ച് ഒരു ചർച്ച ഇതിനുമുമ്പ് ഇതുപോലെ നടന്നിട്ടില്ല. കാഷ്യൂവുമായി

LIBRARY ARCHIVES Kerala Legislative Assembly